(ബി&സി) ശ്രീ. ശാന്തപ്പനെ പോലീസ് മർദ്ദിച്ചതായി ലഭിച്ച പരാതി തിരുവനന്തപുരം സിറ്റി കൺട്രോൺമെന്റ് അസിസ്റ്റന്റ് പോലീസ് കമ്മീഷണർ അന്വേഷിക്കുകയും അന്വേഷണ റിപ്പോർട്ടിനെ തുടർന്നു അവാചാന്വേഷണം 1998 ജനുവരി മാസത്തിൽ തുടങ്ങി 27-6-2000-ൽ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ച ടി അന്വേഷണ റിപ്പോർട്ടും പി.ആർ. മിനിറ്റ്സും തിരുവനന്തപുരം റേഞ്ച് പോലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ പരിശോധിച്ച് ശാന്തപ്പനെ ആരും മർദ്ദിച്ചതായി കണ്ടെത്തിയിട്ടില്ലായെന്ന് തീർപ്പ് സമർപ്പിച്ചിട്ടുണ്ട്.

കസ്റ്റഡി മരണങ്ങൾ

98 (99) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഓരോ മരണത്തിന്റെയും സ്വഭാവമെന്തെന്ന് പറയുമോ ; എവിടെയെല്ലാമാണ് ഈ കാലത്ത് കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുള്ളത് ;

(സി) ആരെല്ലാമാണ് ഈ കാലത്ത് കസ്റ്റഡിയിൽ വച്ച് മരിച്ചിട്ടുള്ളത് ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പോലീസ് സ്റ്റേഷൻ ഉപരോധിച്ച സംഭവങ്ങൾ

99 (100) ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം പോലീസ് കസ്റ്റഡിയിലെടുത്ത കുറ്റവാളികളെ വിട്ടുകിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ.മാർ പോലീസ് സ്റ്റേഷൻ ഉപരോധിച്ച എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഇപ്രകാരം പോലീസ് സ്റ്റേഷൻ ഉപരോധിക്കുകയോ പോലീസ് സ്റ്റേഷനിൽ സത്യാഗ്രഹം നടത്തുകയോ ചെയ്ത എം.എൽ.എ.മാർ ആരെല്ലാമാണ് ;

(സി) ഇതിന്റെ ഫലമായി കസ്റ്റഡിയിലെടുത്തവരെ വിട്ടയച്ചുവോ ; എങ്കിൽ വിട്ടയ്ക്കപ്പെട്ടവരുടെയും പോലീസ് സ്റ്റേഷൻ ഉപരോധിച്ചവരുടേയും മേൽ കേസ് എടുത്തിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത് ?

ഉത്തരം

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം പോലീസ് കസ്റ്റഡിയിലെടുത്ത കുറ്റവാളികളെ വിട്ടുകിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ.മാർ പോലീസ് സ്റ്റേഷൻ ഉപരോധിച്ച സംഭവങ്ങൾ ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly